**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4023** **27-10-2021 - ൽ മറുപടിയ്ക്ക്**

**പി.വി.സി. ഫ്‌ളക്‌സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത് എന്നിവയുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പി.വി.സി. ഫ്‌ളക്‌സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത് തുടങ്ങിയ നിരോധിത വസ്തുക്കൾ പരസ്യ പ്രചരണ ബോർഡുകളിലും ഹോർഡിങ്ങുകളിലും വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ വിശദമാക്കാമോ? | (ബി) | ഉണ്ട്. സർക്കാരിന്റെ 29.08.2019 ലെ സ.ഉ.(കൈ.)നം.111/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പി വി സി ഫ്ലക്സ് നിരോധിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ / ഹോർഡിംഗ്സുകൾ / കൊടികൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിന് 09/07/2021 തീയതിയിലെ RC2/41/2021/ത.സ്വ .ഭ.വ നമ്പർ സർക്കാർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശനമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ